[Mr. K. S. Panicker]

(ബി) ഇവ ഒരോന്നിന്റേയും വ്യാപകാത്തിക്കും എതെല്ലാം; അവ ഓരോന്നും നടത്തിവരുന്നത് ഏതേതു സ്ഥലത്തുവെച്ച്;

(സി) ഇവ ഓരോന്നും റജിസ്റ്റ് ചെയ്തത് ഏതേതുമാസം, തിയ്യതിയിൽ;

(ഡി) ഇതിൽ ഏതെങ്കിലും സംഘത്തിൽ നിയമസഭാസാമാജികന്മാർ ആരെങ്കിലും അംഗമായി ചേന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കാട്ടർ വില്ലേജിൽ മാത്രമായി ഫ്രണ്ട്-ൽ പരസ്പരസഹായസംഘങ്ങൾ രണ്ടും റജിസ്റ്റ് ചെയ്തിട്ടില്ല. ആ വില്ലേജുംകൂടി ഉൾപ്പെടുത്തി സൗത്ത്-മലബാറായി ഒരു വിവിധോദ്ദേശ പരസ്പരസഹായസംഘവും, സൗത്ത്-മലബാറായി ഒരു സ്റ്റോറും റജിസ്റ്റ് ചെയ്തിട്ടുണ്ട്. (ബി) കാട്ടർ പഞ്ചായത്തു വിവിധോദ്ദേശ പരസ്പരസഹായസംഘം- (സി) താണിശ്ശേരിറൂറൽ പരസ്പരസഹായ സ്റ്റോർ.

(ബി) ഈ രണ്ടു സ്ഥാപനങ്ങളുടേയും വ്യാപകാത്തി കാട്ടർ പഞ്ചായത്തിൽപെട്ട കാട്ടർ, കാറളം, മനവലശ്ശേരി എന്നീ വില്ലേജുകൾ ആകുന്നു. കാട്ടർ പഞ്ചായത്തു വിവിധോദ്ദേശസംഘം ഇപ്പോൾ കിഴത്താണിയിലും, താണിശ്ശേരി റൂറൽ സ്റ്റോർ, താണിശ്ശേരിയിലും ആണ നടത്തിവരുന്നത്.

(സി) സൗത്ത് മലബാർ സംഘം ഫ്രണ്ട് കംഭം 8-ാംനു-യിലും സൗത്ത്-മലബാർ സംഘം ഫ്രണ്ട് മീനം 8-ാംനു-യിലും ആണ റജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) ഉവ്വ്. വിവിധോദ്ദേശ സംഘത്തിൽ മിസ്റ്റർ പയ്യൂർ അച്ചുതമേനോൻ ഒരു അംഗമായി ചേന്നതു് അറിവുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സൗത്ത് മലബാർ സംഘവും സൗത്ത്-മലബാർ സംഘവും റജിസ്റ്റ്ചെയ്ത കിട്ടുന്നതിനു് അപേക്ഷ കിട്ടിട്ടുള്ളതു് എന്നാണോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സു വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതിനുള്ള അപേക്ഷയാണു് ആദ്യം കിട്ടിയതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സ്വേണം എന്നു പറഞ്ഞാൽ അതിന്റെ തിയ്യതിയൊന്നും നിശ്ചയമില്ലെന്നാണു് അത്ഥം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഓരോ സൊസൈറ്റിയുടേയും വ്യാപകാത്തി എങ്ങിനെയാണു് നിശ്ചയിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനു് ഒരു തത്വവുമുണ്ടെന്നു് തോന്നുന്നില്ല. ഏതെങ്കിലും രണ്ടോ മൂന്നോ വില്ലേജുകൾ ഉൾകൊള്ളിച്ചിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രണ്ടു സൊസൈറ്റികളും, കാട്ടർ പഞ്ചായത്തിന്റെ തെക്കെ അറ്റത്തല്ലെ സ്ഥിതിചെയ്യുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആയിരിക്കും. When the Hon'ble Member Mr. Panicker says so, I don't dispute the point at all.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു് ആ പഞ്ചായത്തിലെ ജനങ്ങൾക്കു് ഉപകാരപ്രദമായ സ്ഥിതിയിലല്ല സ്ഥിതിചെയ്യുന്നതെന്നു ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മൂന്നു വില്ലേജുകളുംകൂടി നടത്തുന്നതായതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർമാർ ഉദ്ദേശിക്കുന്ന അത്ര സൌകര്യം ഉണ്ടാകുണമെന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കിഴത്താണിയിലും, താണിശ്ശേരിയിലും ഉള്ളവക്കു വളരെ സൌകര്യമാണെങ്കിലും ആ പഞ്ചായത്തിൽപെട്ട മറേറതെങ്കിലും ഭാഗങ്ങളിൽ ഉള്ള അംഗങ്ങൾക്കു് ഇതു് സൌകര്യപ്രദമാണൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസുവേണം.

FILTERS—WASHING OF

359. മിസ്റ്റർ എം. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമൊ.—

(എ) ചൊവ്വര വാട്ടർ വർക്സ്സിലെ അരിപ്പുകൾ (Filters) കഴുകുന്നതിനു തുടങ്ങിചെയ്യുവെള്ളമാണൊ ഉപയോഗിക്കുന്നതു;

(ബി) ഒരു ഫിൽട്ടർ കഴുകുന്നതിനു് എത്ര ഗാലൻ വെള്ളം വേണ്ടിവരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) സെഡിമെന്റേഷൻ ടാങ്ക്സിൽ വെള്ളം നിറ്ത്തി തെളിഞ്ഞതിനുശേഷമല്ലെ ഫിൽട്ടേഴ്സിലേക്ക വെള്ളം അയക്കുന്നത്;

(ഡി) എത്ര മണിക്കൂർ കൂടുമ്പോഴാണ ഫിൽട്ടേഴ്സ് കഴുകുന്നത്;

(ഇ) വെള്ളം ശുദ്ധിചെയ്യുന്ന വിതരണംചെയ്യുന്ന മറ്റ സ്ഥലങ്ങളിൽ എത്ര മണിക്കൂർ കൂടുമ്പോഴാണ് ഫിൽട്ടേഴ്സ് കഴുകേണ്ടിവരുന്നതെന്ന് ഗവണ്മെണ്ടിന്ന് അറിയാമൊ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) അതെ.

(ബി) ഉദ്ദേശം ൪,൦൦൦ ഗാലൻ വെള്ളം.

(സി) അതെ.

(ഡി) ൧൬-ം ൨൪-ം മണിക്കൂറുകൾക്കുള്ളിൽ.

(ഇ) വെള്ളത്തിലെ അഴുക്കിന്റെ കൂടുതൽ കുറവ് അനുസരിച്ച് ൧൬ മണിക്കൂറിനും ൨൪ മണിക്കൂറിനും മദ്ധ്യേയാണ് ഫിൽട്ടേഴ്സ് കഴുകുന്നത്.

TEXT-BOOKS—PREPARATION OF

360. മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: താഴെ പറയുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവും മറുപടി പറയുമോ.—

സിലബസ്സനുസരിച്ചുള്ള പാഠ്യപുസ്തകങ്ങൾ ന്യായമായി പ്രതിഫലം കൊടുത്തു വിദഗ്ധന്മാരെക്കൊണ്ട തയ്യാറാക്കിക്കുവാൻ ഗവണ്മെണ്ടിനാലോചനയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാഠ്യപുസ്തകങ്ങൾ തയ്യാറാക്കുവാൻ ഒരു വിദഗ്ധ കമ്മിറ്റിയെ ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ അവക്ക പ്രതിഫലം കൊടുക്കേണ്ട കാര്യം ഇതു വരെ നിശ്ചയിച്ചിട്ടില്ല.

UNIFORMS FOR NURSES

361. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ:—

(എ) ൧൯൪൯, ൧൯൫൦, ൧൯൫൧ ഈ സംവത്സരങ്ങളിൽ മെഡിക്കൽ വകുപ്പിലെ നേഴ്സുമാക്കും നേഴ്സുജോലി ചെയ്യുന്ന ഇന്ത്യൻ സിസ്റ്റർമാക്കും യൂണിഫാറത്തിനു് എത്രവാര ശീല വീതമാണ കൊടുത്തത്;

(ബി) ഇറ്റാലിയൻ സിസ്റ്റേഴ്സിന്ന മേൽപറഞ്ഞ കൊല്ലങ്ങളിൽ എത്രവാരവീതം കൊടുത്തു;

(സി) ഈ കൊല്ലം നേഴ്സുമാക്കും, ഇന്ത്യൻ സിസ്റ്റേഴ്സിന്നും, ഇറ്റാലിയൻ സിസ്റ്റേഴ്സിന്നും എത്രവാര വീതം കൊടുത്തു;

(ഡി) മെഡിക്കൽ വകുപ്പിൽ സിസ്റ്റർ ട്യൂട്ടേഴ്സ് എത്രപേർ ഉണ്ട്;

(ഇ) ൧൯൪൯, ൧൯൫൦, ൧൯൫൧, ൧൯൫൨ ഈ കൊല്ലങ്ങളിൽ അവർ ഓരോ വിഭാഗത്തിന്നും എത്രവാര വീതം അനുവദിച്ചിട്ടുണ്ട്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ൧൯൪൯-ൽ ൩൦ വാര.
൧൯൫൦-ൽ ൨൬ വാര.
൧൯൫൧-ൽ ൨൬ വാര.

(ബി) ൧൯൪൯-ൽ ൪൦ വാര.
൧൯൫൦-ൽ ൪൦ വാര.
൧൯൫൧-ൽ ൪൦ വാര.

(സി) നേഴ്സുമാക്കു് ൧൨ വാര.
ഇന്ത്യൻസിസ്റ്റർമാക്കു് ൧൫ ,,
ഇറ്റാലിയൻ സിസ്റ്റർമാക്കു് ൧൫ ,,

(ഡി) രണ്ടു സിസ്റ്റർ ട്യൂട്ടർമാരുണ്ടു്.

(ഇ) ൧൯൪൯-ൽ —— വാര.
൧൯൫൦-ൽ ൩൦ ,,
൧൯൫൧-ൽ ൩൦ ,,
൧൯൫൨-ൽ ൧൨ ,,

LIBRARY ARCHIVES Kerala Legislative Assembly